(എച്ച്) ശുപാർശകൾ പരിശോധിച്ചുവരുന്നു.

വിവിധ കോടതികളിൽ വനം വകുപ്പിന്റെ കേസുകൾ

58 (2771) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കോടതികളിൽ വനം വകുപ്പിന്റെ കേസ്സുകൾ കാര്യക്ഷമതയോടെ നടത്താത്തുമൂലം ഗവൺമെന്റിന് പ്രതികൂലമായുണ്ടായ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യമുള്ള വനമേഖലകൾ സ്വകാര്യവ്യക്തികൾക്ക് വിട്ടുകൊടുക്കേണ്ട അവസ്ഥ സംജാതമായിട്ടുണ്ടോ ;

(ബി) ഈ കേസുകളിൽ തോൽക്കേണ്ടി വന്നത് സർക്കാർ അഭിഭാഷകരുടെ തെറ്റായ നിലപാടുമൂലമാണെന്ന് അറിയാമോ ;

(സി) എങ്കിൽ ഇത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്. കാര്യക്ഷമതയോടെ കേസ്സുകൾ നടത്താത്തതുമൂലം പ്രതികൂല വിധിയുടെ അടിസ്ഥാനത്തിൽ നിക്ഷിപ്ത വനമായി ഏറ്റെടുത്ത സ്ഥലം സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കേണ്ടി വന്നിട്ടുള്ള രണ്ട് കേസ്സുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ അഭിഭാഷകർ യഥാസമയം ഹാജരാകാത്തതിനാലും ബന്ധപ്പെട്ട രേഖകൾ യഥാസമയം ഹാജരാകാത്തതുമൂലവുമാണ് ഈ കേസ്സുകളിൽ തോൽവി സംഭവിച്ചത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ രണ്ടു കേസ്സുകളിലും വീഴ്ച വരുത്തിയ സർക്കാർ അഭിഭാഷകരുടെ പേരിൽ ശിക്ഷണ നടപടികൾ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ വനം കേസ്സ് നടത്തിപ്പിനായി ഒരു പ്രത്യേക ഗവൺമെന്റ് പ്ലീഡറെ ബഹു. ഹൈക്കോടതിയിൽ സർക്കാർ നിയമിച്ചു. ഈ ഗവൺമെന്റ് പ്ലീഡറെ സഹായിക്കുന്നതിനായി ഒരു അഡിഷണൽ ഗവൺമെന്റ് പ്ലീഡറെയും നിയമിച്ചിട്ടുണ്ട്.

ദേവികുളം ഫോറസ്റ്റ് റെയ്ഞ്ചിൽ രജിസ്റ്റർ ചെയ്ത കേസ്

59 (2772) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ദേവികുളം ഫോറസ്റ്റ് റെയ്ഞ്ചിൽ ഒ.ആർ. 53/99 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ഏത് കുറ്റത്തിനാണ് പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly